## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1537 — 07.06.2018 -ൽ മറുപടിയ്ക്ക്

### ആമ്പല്ലൂർ വില്ലേജാഫീസിലെ ഫയലുകൾ പെട്രോളൊഴിച്ച് തീവെച്ച സംഭവം

| ചോദ്യം : | മറുപടി : |
|---|---|
| ശ്രീ.എൽദോസ് പി | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) എറണാകുളം ജില്ലയിലെ ആമ്പല്ലൂർ വില്ലേജാഫീസിലെ ഫയലുകൾ പെട്രോളൊഴിച്ച് തീവെച്ച സംഭവത്തിന് ഇടയാക്കിയ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) കണയന്നൂർ താലൂക്കിൽ ആമ്പല്ലൂർ വില്ലേജിൽ ചക്കാലപറമ്പിൽ ശ്രീ.രവി എന്നയാൾ ടി വില്ലേജ് പഴയ സർവ്വേ നമ്പർ 494/13, 495 എന്നിവയിൽപ്പെട്ട വസ്തുവകകളുടെ അതിർത്തി നിർണ്ണയിച്ച് തരുന്നതിന് 03/09/2015-ൽ കണയന്നൂർ താലൂക്കിൽ അപേക്ഷ സമർപ്പിക്കുകയും അപേക്ഷയിൽ അടിയന്തിര നടപടിയ്ക്കായി ബഹു. കേരള ഹൈക്കോടതി മുമ്പാകെ 33992/15 നമ്പരായി വ്യവഹാരം ഫയൽ ചെയ്യുകയും ചെയ്തു. 11/11/2015- ൽ ഹൈക്കോടതി വിധിയിൽ അപേക്ഷകനോട് കണയന്നൂർ അഡീഷണൽ തഹസിൽദാർ മുമ്പാകെ കേരള സർവ്വെ അതിരടയാള നിയമം ഫോം 08/10-ൽ അപേക്ഷ നൽകുവാനും അതനുസരിച്ച് അപേക്ഷകനെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേട്ട് വസ്തു അളന്ന് തിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതുമാണ് അതനുസരിച്ച് ശ്രീ.രവി 08/12/2015-ൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതിനെതുടർന്ന് ടി താലൂക്കിലെ സർവ്വേയർ സ്ഥലപരിശോധന നടത്തി 11/03/2016- ൽ സ്കെച്ചും റിപ്പോർട്ടും സമർപ്പിച്ചിരുന്നു എന്ന് കണയന്നൂർ തഹസിൽദാർ അറിയിച്ചിട്ടുണ്ട്. എന്നാൽ ആമ്പല്ലൂർ വില്ലേജ് ഓഫീസിൽ തീയിട്ട് ഫയലുകൾ ഭാഗികമായി നശിപ്പിച്ചതിനെ സംബന്ധിച്ച് അന്വേഷണം നടന്നു വരികയാണ് |

(ബി) കാഞ്ഞിരമറ്റം പാലക്കുന്ന് മല രവിയുടെ ഉടമസ്ഥതയിലുള്ള സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് **2017** ൽ ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) കോടതി ഉത്തരവ് നൽകി പത്ത് മാസം കഴിഞ്ഞിട്ടും പ്രസ്തുത സ്ഥലം അളന്ന് തിരിക്കാതിരുന്നതിനുള്ള ഉത്തരവാദി ആരാണെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

(ബി) യും (സി) യും

താലൂക്ക് സർവ്വേയറുടെ പരിശോധനാ റിപ്പോർട്ട് തൃപ്തികരമല്ലെന്ന് സൂചിപ്പിച്ച കൊണ്ടും ടി റിപ്പോർട്ടിൽ ആക്ഷേപം ബോധിപ്പിച്ചും 28/03/2017-ൽ ശ്രീ. രവി ജില്ലാ സർവ്വേ സൂപ്രണ്ട് മുമ്പാകെ അപ്പീൽ ബോധിപ്പിക്കുകയും, തുടർന്ന് ബഹു. ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി) 25265/17 ആയി വ്യവഹാരം സമർപ്പിക്കുകയും ചെയ്തു. 31/07/2017-ലെ ഡബ്ല്യൂ. പി(സി) 25265/17- ലെ ഹൈക്കോടതി ഉത്തരവ് പ്രകാരം ജില്ലാ സർവ്വേ സൂപ്രണ്ടിനോട് അപ്പീൽ പരിഗണിച്ച് ആറാഴ്ചയ്ക്കകം തീരുമാനമെടുക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു.

കോടതി വിധിയുടെ അടി സ്ഥാനത്തിൽ ജില്ലാ സർവ്വെ സൂപ്രണ്ട് അപ്പീൽ പരിഗണിക്കുകയും മുൻ സർവ്വെയറുടെ സർവ്വെ നടപടികൾ സർവ്വെ അതിരടയാള ചട്ടം 43 അനുസരിച്ചതായി കാണുന്നില്ല എന്ന് കണ്ടെത്തുകയും, ആയതിനാൽ ഫോം നമ്പർ 10-ൽ അപേക്ഷ വാങ്ങി നിയമാനുസൃത ഫീസ് ഈടാക്കി വസ്തുവിന്റെ അതിർത്തി ചൂണ്ടിക്കാണിച്ച് കൊടുക്കുന്നതിന് കണയന്നൂർ ഭൂരേഖ തഹസിൽദാർ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച കൊണ്ട് അപ്പീൽ 20/11/2017-ൽ തീർപ്പാക്കിയിട്ടുള്ളതാണ്. അതനുസരിച്ച് അപേക്ഷകന് 05/03/2018-ൽ നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകുകയും 21/03/2018 ൽ ഫീസ് ഒടുക്കിയ രസീതും, ഫാറം 10-ൽ ഉള്ള (റീ സർവ്വെ 385/1, 501/11, 556/7 എന്നീ നമ്പരുകളിൽപ്പെട്ട വസ്തുക്കളുടെ അതിർത്തി നിർണ്ണയത്തിന്) അപേക്ഷയും ശ്രീ. രവി സമർപ്പിച്ചിരുന്നു. ആയതിനെ തുടർന്ന് അയൽവാസികളായ വസ്തു ഉടമകൾക്ക് ചട്ട പ്രകാരമുള്ള നോട്ടീസ് നൽകി 10/05/2018-ന് സർവ്വെയർ സ്ഥല പരിശോധന നടത്തി റീസർവ്വെ നമ്പർ 556/7-ൽ പ്പെട്ട കരഭൂമിയുടെ അതിർത്തി പുനർ നിർണ്ണയംനടത്തി നൽകിയിട്ടുള്ളതാണ്. അപേക്ഷന്റെ തന്നെ റീസർവ്വെ 501/1,358/1,- ലും പെട്ട നിലമായി കിടക്കുന്ന ഭൂമി കൈതക്കാട്ടുകൾ വളർന്ന് സർവ്വെ നടത്തുവാൻ സാധിക്കാത്ത വിധത്തിൽ

കിടക്കുന്നതിനാൽ കാട് വെട്ടിത്തെളിച്ച് സർവ്വെക്കനുയോജ്യമാക്കി തരുന്നതിന് ടി അപേക്ഷനോട് നിർദ്ദേശിച്ചിരുന്നതും അപേക്ഷകൻ അത് പാലിക്കുകയും 28/05/2018-ന് സർവ്വെ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**